റവന്യൂ വകുപ്പിൽനിന്നും വിരമിച്ചവരുടെയും പുതുതായി നിയമിക്കപ്പെട്ടവരുടെയും കണക്ക്

124 (3871) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ ഓരോ തസ്തികകളിൽ നിന്നും വിരമിച്ചവർ എത്രയെന്നും പ്രസ്തുത ഒഴിവുകളെല്ലാം പൂർണ്ണമായും നികത്തപ്പെട്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) 2015 മേയ് മാസം റവന്യൂ വകുപ്പിൽ നിന്നും എത്രപേർ ഏതെല്ലാം തസ്തികകളിൽ നിന്ന് വരമിച്ചുവെന്നും പ്രസ്തുത ഒഴിവുകളെല്ലാം നികത്തപ്പെട്ടിട്ടുണ്ടോ എന്നും പറയാമോ ;

(സി) റവന്യൂ വകുപ്പിൽ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ 2015 ജനുവരി മുതൽ ഉണ്ടായത് എത്രയാണെന്നും അതിൽ എത്ര വീതം ഓരോ മാസവും പ്രൊമോഷനിലൂടെ നികത്തപ്പെട്ടുവെന്നും ഇനിയും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ ഏതെല്ലാം ജില്ലകളിൽ എത്ര വീതമാണുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ നിന്നും വിരമിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു:

ഡെപ്യൂട്ടി കളക്ടർ	- 132
തഹസിൽദാർ/ എസ്.എസ്.	- 180
ഡെപ്യൂട്ടി തഹസിൽദാർ/ജെ.എസ്.	- 323
വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ	- 155
യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ	- 169
എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്	- 102
വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്	- 84
ഫെയർ കോപ്പി സൂപ്രണ്ട്	- 39
ടൈപ്പിസ്റ്റ്	- 52
എൽ. ജി. എസ്.	- 146
ഡ്രൈവർ	- 25
പി.ടി.എസ്./എഫ്.ടി.എസ്.	- 61
സി. എ.	- 15

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ട്. മറ്റു തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2015 മേയ് മാസം റവന്യൂ വകുപ്പിൽനിന്നും വിരമിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു:

ഡെപ്യൂട്ടി കളക്ടർ	- 19
തഹസിൽദാർ/ എസ്.എസ്.	- 14
ഡെപ്യൂട്ടി തഹസിൽദാർ/ജെ.എസ്.	- 21
വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ	- 11
യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ	- 14
എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്	- 9
വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്	- 1
ഫെയർ കോപ്പി സൂപ്രണ്ട്	- 4
ടൈപ്പിസ്റ്റ്	- 6
എൽ. ജി. എസ്.	- 13
പി.ടി.എസ്.	- 3
സി. എ.	- 2
ഡഫേദാർ	- 1

ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ട്. മറ്റു തസ്തികകളിലെ ചില ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2015 ജനുവരി മുതൽ മാർച്ച് വരെയുണ്ടായിരുന്ന 63 ഒഴിവുകൾ 16-5-2015-ൽ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. 10-4-2015, 25-5-2015 തീയതികളിലെ ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം പ്രകാരം തഹസീൽദാർ തസ്തികയിൽ പ്രൊമോഷൻ നൽകിയതും വിരമിക്കലുമുൾപ്പെടെ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	- 8
കൊല്ലം	- 7
പത്തനംതിട്ട	- 6
ആലപ്പുഴ	- 2
കോട്ടയം	- 9
ഇടുക്കി	- 3
എറണാകുളം	- 10

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	-	3
പാലക്കാട്	-	9
മലപ്പുറം	-	3
കോഴിക്കോട്	-	3
കണ്ണൂർ	-	4
കാസർഗോഡ്	-	1
ആകെ		68

റിവർ മാനേജ്മെന്റ് ഫണ്ട്

125 (3872) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി ഈ തുകയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ട് എന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 58,16,62,990 (അൻപത്തിയെട്ട് കോടി പതിനാറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്) രൂപ 31-3-2015-ന് നീക്കിയിരിപ്പുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

റിവർ മാനേജ്മെന്റ് ഫണ്ട്

126 (3873) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ എത്ര തുക അവശേഷിക്കുന്നു എന്നും ഈ ഫണ്ടിന്റെ ഉറവിടം എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റിൽനിന്നും എത്ര തുക വീതം ഓരോ വർഷവും കോട്ടയം ജില്ലയിൽ ചെലവഴിച്ചുവെന്നും ഇതിൽ എത്ര തുകയാണ് വൈക്കം പരിധിയിൽ ചെലവഴിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾക്കെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly